(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെട്ട സ്ത്രീ ജീവനക്കാർക്ക് പ്രസവാവധി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) പ്രസ്തുത കാര്യങ്ങളിൽ തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ ?

ഉത്തരം

(എ&ബി) ഇല്ല.

(സി) ബാധകമല്ല.

ഉടുമ്പൻചോല നിയോജക മണ്ഡലത്തിലെ ഹാഡ പദ്ധതിയുടെ പ്രവൃത്തികൾ

36 (1507) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാഡ പദ്ധതിയിൽ ഉൾപ്പെടുത്തിയ നിർമ്മാണ പ്രവൃത്തികൾക്കായി 2015-16 സാമ്പത്തിക വർഷം ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ ഇതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ട്, പഞ്ചായത്ത്, നിർമ്മാണ പ്രവൃത്തിയുടെ പേര്, അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) എം.എൽ.എ. മുഖാന്തരം സമർപ്പിക്കപ്പെട്ട പ്രവൃത്തികളിൽ എത്രയെണ്ണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്;

(സി) ഏറ്റവും കൂടുതൽ മലമ്പ്രദേശങ്ങൾ ഉള്ള ഉടുമ്പൻചോലയിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ പ്രവൃത്തികൾക്ക് അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ&ബി) 2015-16 സാമ്പത്തിക വർഷത്തിൽ മലയോര വികസന ഏജൻസി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയത് 30-11-2015-നാണ്. ഇതനുസരിച്ച് പ്രവൃത്തികളുടെ തിരഞ്ഞെടുപ്പ് നടന്നുവരുന്നതേയുള്ളൂ.

(സി) പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly